പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1543 07.03.2018 ൽ മറുപടിയ്ക്ക്

ഇ-ഫയലിംഗ് സിസ്റ്റം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ | | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) | |
| (എ) | ഇ-ഫയലിംഗ് സിസ്റ്റം എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാർ ഓഫീസുകൾ കടലാസ് രഹിതമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. 8 കളക്ടറേറ്റുകൾ, 4 സബ് കളക്ടറേറ്റുകൾ, എന്നിവിടങ്ങളിൽ പൂർണ്ണമായും 6 കളക്ടറേറ്റുകൾ, 3 സബ് കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ ഭാഗികമായും, ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന് പുറമേ 19 ഡയറക്ടറേറ്റുകളിലും / കമ്മീഷണറേറ്റുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ജില്ലാ-താലൂക്ക് തല ഓഫീസുകളിൽ നിന്ന് സെക്രട്ടേറിയറ്റിൽ എത്തുന്ന ഫയലുകൾ സ്കാൻ ചെയ്ത് ഇ-ഫയൽ ആക്കി മാറ്റാൻ കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | കാലതാമസമുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) | ഫയലുകൾ തപാൽ വഴി സെക്രട്ടേറിയറ്റിലും, ഉയർന്ന ഓഫീസുകളിലും എത്താനെടുക്കുന്ന കാലതാമസം ഇ-ഫയലിംഗ് ഏർപ്പെടുത്തുക വഴി പരിഹരിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും (ഇ) യും | സർക്കാർ ഓഫീസുകൾ കടലാസ് രഹിതമാക്കുന്നത് വഴി വകുപ്പുകൾ തമ്മിലുള്ള ആശയ വിനിമയം കൂടുതൽ വേഗത്തിലാക്കുവാൻ സാധിക്കും. സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും ഇ-ഫയൽ സംവിധാനം നടപ്പിലാക്കുവാൻ ഇതിനോടകം തന്നെ തീരുമാനിച്ചിട്ടുണ്ട്. ഇതു വഴി ഫയലുകളിൽ വേഗത്തിൽ തീരുമാനമെടുക്കുവാനും സേവനങ്ങൾ വേഗത്തിൽ ജനങ്ങളിലെത്തിക്കുവാനും സാധിക്കും. |
| (ഡി) | സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളെയും ഇ-ഫയലിംഗ് ശൃംഖലയിൽ കണ്ണിയാക്കാനുള്ള നടപടി സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (ഇ) | കാര്യങ്ങൾ കൂടുതൽ വേഗത്തിലും കാര്യക്ഷമവുമാക്കാൻ ഇതുമൂലം കഴിയും എന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ